ബ്ലേഡ് മാഫിയാകളുടെ പ്രവർത്തനം അമർച്ച ചെയ്യുവാൻ നടപടി

*3 [152] ശ്രീ. എം. എം. ഹസ്സൻ:
" പി. ജെ. ജോയി:
" എ. കെ. മണി:
പ്രൊഫ. കെ. വി. തോമസ്:

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്ലേഡ് മാഫിയാകളെപ്പറ്റി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ബ്ലേഡ് മാഫിയാകളെ അമർച്ച ചെയ്യുവാൻ എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലേഡ് മാഫിയാകളെ അമർച്ച ചെയ്യുന്നതിന് നിലവിലുള്ള 1958-ലെ മണി ലെന്റിംഗ് നിയമത്തിലെ വ്യവസ്ഥകൾ പര്യാപ്തമല്ല. ഇത്തരം കുറ്റകൃത്യങ്ങൾ ഇൻഡ്യൻ ശിക്ഷാനിയമം 419, 420 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായതിനാൽ ഇത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് വകുപ്പ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

അനധികൃതമായി ജലം ചോർത്തുന്നത് തടയാനുള്ള സംവിധാനങ്ങൾ

*4 [153] ശ്രീ. എ. കെ. ബാലൻ:
" വി. കെ. ചന്ദ്രൻ:
" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി വെള്ളം ചോർത്തുന്നില്ലെന്ന് ഉറപ്പാക്കാൻ സാദ്ധ്യമായിട്ടുണ്ടോ;

(ബി) ജലം ചോർത്തുന്നത് നിരീക്ഷിക്കാനും തടയാനുമുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജലച്ചോർച്ച റിപ്പോർട്ട് ചെയ്യുന്നതിനായുള്ള ടാസ്ക് ഫോഴ്സിന്റെയും ഹൈലവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെയും പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly